12482
20/7/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - സഹകരണ വകുപ്പ് സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ച 7,70,57,454/- (ഏഴ് കോടി എഴുപത് ലക്ഷത്തി അൻപത്തിഏഴായിരത്തി നാന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) CARe Home Project നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച് കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു..

റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

**സ.ഉ.(സാധാ) നം.1827/2019/റവ.** തീയതി,തിരുവനന്തപുരം, 06/07/2019

പരാമർശം:- 1 GO(Ms) No. 37/2018/Co-op തീയതി 17.10.2018

2 GO(Rt) No. 4622/2018/Rev തീയതി 05.11.2018

3 സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ) ന്റെ 03.04.2019 ലെ

പി.ഐ.യു.26 03/19 നമ്പർ കത്ത്.

**ഉത്തരവ്**

2018 ആഗസ്റ്റിലുണ്ടായ മഹാ പ്രളയത്തെ തുടർന്ന് പ്രളയ ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് 'CARe Home' പദ്ധതി രൂപീകരിക്കുകയും ആയതിനായി സഹകരണ വകുപ്പ് സമാഹരിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിക്കുന്നതിനും അത്തരത്തിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് തത്തുല്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 'CARe Home' Project -ന്റെ നടത്തിപ്പിനായി സഹകരണ സംഘം രജിസ്ട്രാർക്ക് തിരികെ നൽകുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സഹകരണ വകുപ്പ് അത്തരത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ച 44,98,12,052/- രൂപ , CARe Home Project -ന്റെ നടത്തിപ്പിനായി സഹകരണ സംഘം രജിസ്ട്രാർക്ക് തിരികെ നൽകി കൊണ്ട് പരാമർശം (2 ) പ്രകാരം ഉത്തരവായിരുന്നു.

2. കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങളുടെ 2017-18 വർഷത്തെ ലാഭ വിഹിതത്തിൽ നിന്നും സമാഹരിച്ച 7,70,57,454/- (ഏഴ് കോടി എഴുപത് ലക്ഷത്തി അൻപത്തിഏഴായിരത്തി നാന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ചതായും പ്രസ്തുത തുക കെയർ ഹോം പദ്ധതിക്കായി സംസ്ഥാന സഹകരണ ബാങ്കിൽ സഹകരണ സംഘം രജിസ്ട്രാരുടെ പേരിൽ ആരംഭിച്ചിട്ടുള്ള പൂൾ അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നം. 00110102300278 ) മാറ്റി നിക്ഷേപിക്കണമെന്നും തിരുവനന്തപുരം അഡീഷണൽ രജിസ്ട്രാർ (ജനറൽ) പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

3. മേൽ വിഷയം സർക്കാർ പരിശോധിച്ചു. സഹകരണ വകുപ്പ് സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ച 7,70,57,454/- രൂപ (ഏഴ് കോടി എഴുപത് ലക്ഷത്തി അൻപത്തിഏഴായിരത്തി നാന്നൂറ്റി അൻപത്തി നാല് രൂപ മാത്രം ) കെയർ ഹോം പദ്ധതി നടത്തിപ്പിനായി സംസ്ഥാന സഹകരണ ബാങ്കിൽ സഹകരണ സംഘം രജിസ്ട്രാരുടെ പേരിൽ ആരംഭിച്ചിട്ടുള്ള പൂൾ അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നം. 00110102300278 ) മാറ്റി നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ആവശ്യത്തിലേക്കായി വേണ്ടി വരുന്ന 7,70,57,454/- രൂപ (ഏഴ് കോടി എഴുപത് ലക്ഷത്തി അൻപത്തിഏഴായിരത്തി നാന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) 2075-00-800-40 contribution to

Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 നമ്പർ അക്കൗണ്ടിൽ നിന്നും സഹകരണ സംഘം രജിസ്ട്രാരുടെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിൽ ആരംഭിച്ചിട്ടുള്ള പൂൾ അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നം. 00110102300278 ) മാറ്റി നിക്ഷേപിക്കേണ്ടതാണ്. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.എല്
സ്പെഷ്യൽ സെക്രട്ടറി

രജിസ്ട്രാര്, സഹകരണ സംഘങ്ങൾ , തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. സഹകരണവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

സഹകരണ ( എ ) വകുപ്പ്.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡിആർഎഫ്-ബി/സി ) വകുപ്പ്

ദുരന്ത നിവാരണ ( എ) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ